**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5203** **04-07-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയുടെ പേര് വിവരവും ലഭ്യമാക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിൽ ആകെ 14 വില്ലേജ് ഓഫീസുകൾ ഉണ്ട്. അവ മുണ്ടൂർ-1, മുണ്ടൂർ-2, പുതുപ്പരിയാരം-1, പുതുപ്പരിയാരം-2, അകത്തേത്തറ, മലമ്പുഴ-1, മലമ്പുഴ-2, മരുതറോഡ്, പുതുശ്ശേരി വെസ്റ്റ്, പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി ഈസ്റ്റ്, എലപ്പുള്ളി -1, എലപ്പുള്ളി - 2, കൊടുമ്പ് എന്നിവയാണ് |
| (ബി) | ഇതിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി നവീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മരുതറോഡ്, പുതുശ്ശേരി ഈസ്റ്റ്, മുണ്ടൂർ- 1 എന്നീ വില്ലജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകുകയും അതിൽ മരുതറോഡ്, പുതുശ്ശേരി ഈസ്റ്റ് എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മുണ്ടൂർ-1 വില്ലേജ് ഓഫീസിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രവർത്തനക്ഷമമായ കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും വില്ലേജ് ഓഫീസുകൾ മലമ്പുഴ മണ്ഡലത്തിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ